# പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 സെപ്റ്റംബർ 13, ബുധൻ

**നമ്പർ 119**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തര പ്രമേയം :

സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തും കാരണം സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഗുരുതര സാഹചര്യം മൂലം വികസന പ്രവർത്തനങ്ങളും നിരവധി സാമൂഹ്യ സുരക്ഷാ പദ്ധതികളും മുടങ്ങിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. പ്രമേയം ചർച്ചയ്ക്കെടുക്കാൻ ധനകാര്യ വകുപ്പുമന്ത്രി സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയം ഉച്ചയ്ക്കുശേഷം ഒരു മണിയ്ക്ക് ചർച്ച ചെയ്യാവുന്നതാണെന്ന് സ്പീക്കർ സഭയെ അറിയിച്ചു.

ശ്രദ്ധക്ഷണിക്കൽ :

(1) 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ സെക്ഷൻ 27-എ പ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിന് നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഇ. കെ. വിജയൻ റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) വാഹനങ്ങൾ കത്തി നശിച്ച് അപകടങ്ങൾ സംഭവിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനവും നിയമനിർമ്മാണവും നടത്തേണ്ടതിന്റെയും വാഹനനിർമ്മാണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ നടപ്പിലാക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. അനൂപ് ജേക്കബ് ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. വി. ഡി. സതീശൻ | നിപ വൈറസിനെതിരെ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 2 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | കോടതികളിലെ ഇ-ഫയലിംഗ് സമ്പ്രദായത്തിലെ അശാസ്ത്രീയത | മുഖ്യമന്ത്രി |
| 3 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | അങ്കമാലി-ശബരി റെയിൽവേ പാത നിർമ്മാണം | മുഖ്യമന്ത്രി |
| 4 | ശ്രീമതി ശാന്തകുമാരി കെ. | പത്തിരിപ്പാല സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. ടി. വി. ഇബ്രാഹിം | കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സിന്റെ വികസനം | നിയമം,വ്യവസായം, കയർ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | കേരളത്തിൽ ജാതി സെൻസസ് നടത്തുന്നതിന് നടപടി | ബഹു. പട്ടിക ജാതി, പട്ടികവർഗ്ഗ,പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. മുരളി പെരുനെല്ലി | ഗുരുവായൂർ അമൃത് പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ജനവാസ കേന്ദ്രങ്ങളിലെ വന്യ മൃഗശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | ശ്രീ. അൻവർ സാദത്ത് | ചെങ്ങമനാട് പുതുതായി അനുവദിച്ച ബിവറേജ് ഔട്ട് ലെറ്റ് മാറ്റുന്നതിനുള്ള നടപടി | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ആർ. സുനിൽ കുമാർ | ഭിന്നശേഷി വിഭാഗക്കാരുടെ സ്വയം തൊഴിൽ ഉൽപ്പന്നങ്ങളുടെ വിൽപ്പന | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 11 | ശ്രീ. എം. നൗഷാദ് | സ്കൂൾ പാചകത്തൊഴിലാളികളുടെ പെൻഷൻ പ്രായവും ആനുകൂല്യവും | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 12 | ശ്രീ. കെ. വി. സുമേഷ് | പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 13 | ശ്രീ. ജി. സ്റ്റീഫൻ | കോവിഡ്കാല സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തിലെ റേഷൻ കടകൾക്കുള്ള കമ്മീഷൻ | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 14 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ അടിസ്ഥാനസൗകര്യ വികസനം | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |
| 15 | ശ്രീ. റോജി എം. ജോൺ | ജസ്റ്റിസ് ജെ. ബി. കോശി റിപ്പോർട്ടിന്മേൽ തുടർ നടപടി | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

i) സബ്ജക്ട് കമ്മിറ്റി IV - ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സഭയിൽ സമർപ്പിച്ചു.

ii) സബ്ജക്ട് കമ്മിറ്റി IX - ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ

പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സഭയിൽ സമർപ്പിച്ചു.

iii) സബ്ജക്ട് കമ്മിറ്റി XI - ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സഭയിൽ സമർപ്പിച്ചു.

iv) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ എട്ട് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

v) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

<u>നിയമനിർമ്മാണ കാര്യം</u> :

1) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും :</u>

i) <u>2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ</u>

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും, 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ താഴെപ്പറയുന്ന ഭേദഗതിയോടുകൂടി സഭ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "കളക്ടർ" എന്നതിന് പകരം "കളക്ടറുടെ" എന്ന് ചേർക്കുക.

<u>അടിയന്തരപ്രമേയത്തിന്മേലുള്ള ചർച്ച</u> :

"സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന പ്രമേയം ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ചു സംസാരിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. പി. എസ്. സുപാൽ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. രാജഗോപാലൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. വി. ജോയി

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. കെ. വി. സുമേഷ്

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മറുപടി നൽകി.

പ്രമേയം സഭ തള്ളി.

(സർക്കാർ മറുപടിയിൽ പ്രതിക്ഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

നിയമനിർമ്മാണ കാര്യം (തുടർച്ച) :

ii) 2023 -ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി. വീണാ ജോർജ്ജ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. എ. പി. അനിൽ കുമാർ, ശ്രീ. പി. കെ. ബഷീർ, ശ്രീമതി. കെ. കെ. രമ എന്നീ അംഗങ്ങൾ സംസാരിച്ചു.

2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എം. എസ്. അരുൺ കുമാർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 2023 - ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

iii) 2023 - ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രിയ്ക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എച്ച്. സലാം അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ താഴെപ്പറയുന്ന ഭേദഗതിയോടെ സഭ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2 ലെ "the words, figures and brackets" എന്നതിനു പകരമായി "words, figures, brackets and symbols" എന്ന് ചേർക്കുക.

2) <u>സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ)ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u> :

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. അൻവർ സാദത്ത്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. മോൻസ് ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ സംസാരിച്ചു.

2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും, ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ താഴെപ്പറയുന്ന ഭേദഗതികളോടുകൂടി സഭ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

i) ഖണ്ഡം 2(ബി)യിലെ (i) ഇനത്തിൽ "എന്നിവ" എന്ന വാക്കിന് ശേഷം "ലേബലിംഗ്" എന്ന വാക്ക് ചേർക്കുക..

ii) ഖണ്ഡം 2 (എഫ്) - ൽ “തീറ്റവസ്തു" എന്നതിന് പകരം "തീറ്റ”  എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

i) 3 - ാം വകുപ്പിന്റെ മാർജിനൽ ഹെഡിംഗിന് പകരം താഴെപ്പറയുന്ന മാർജിനൽ ഹെഡിംഗ് ചേർക്കേണ്ടതാണ്, അതായത്: —

“കന്നുകാലിത്തീറ്റ/കോഴിവർഗ്ഗത്തീറ്റയിൽ ഉപയോഗിക്കേണ്ട/നിരോധിക്കപ്പെടേണ്ട തീറ്റവസ്തുക്കൾ അല്ലെങ്കിൽ തീറ്റയുടെ ചേരുവകൾ”

ii) ഖണ്ഡം 3 (3 )-ൽ "ഉൽപാദിപ്പിക്കുന്നതിൽ" എന്നതിന് പകരം "നിർമ്മിക്കുന്നതിൽ" എന്ന് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

i) ഖണ്ഡം 5 (4) താഴെപ്പറയും പ്രകാരം മാറ്റുക.

“(4) ലൈസൻസിനായുള്ള അപേക്ഷ നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് ലഭിച്ചാൽ പതിനഞ്ച് ദിവസത്തിനകം അപേക്ഷകന് സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മുൻപാകെ അപ്പീൽ നൽകാവുന്നതും ആയത് മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്.”

ii) ഖണ്ഡം5 (6)-ൽ “നിശ്ചയിച്ചിരിക്കുന്നതുമാണ്" എന്ന വാക്കിന് പകരം “നിശ്ചയിച്ചിരിക്കേണ്ടതുമാണ്" എന്ന വാക്ക് ചേർക്കുക.

iii) ഖണ്ഡം 5 (2)-ൽ "പകർപ്പ് " എന്നതിന് ശേഷം "അപേക്ഷ നിരസിച്ച തീയതി മുതൽ" എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

ഖണ്ഡം 7-ൽ "വിൽക്കുവാൻ" എന്നതിന് പകരം "വിൽക്കുവാനോ വിതരണം ചെയ്യാനോ" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

ഖണ്ഡം 9-ന്റെ മാർജിനൽ ശീർഷകത്തിൽ "നിർമ്മിക്കുന്നതിനുള്ള" എന്നതിന് പകരം "നിർമ്മിക്കുന്നതിനും സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള " എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

11-ാം ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡത്തിൽ "പിഴ ചുമത്തുന്നതിനും" എന്നീ വാക്കുകൾക്കു പകരം "ശിക്ഷ നൽകുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

പതിമൂന്നാം വകുപ്പ്

i) 13-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡത്തിൽ "അല്ലെങ്കിൽ അംഗീകൃത ഏജന്റിൽ നിന്നും" എന്നീ വാക്കുകൾക്ക് പകരം "കൂടാതെ അംഗീകൃത ഏജന്റ്/ഡീലർ/ നിർമ്മാതാവിൽ നിന്നും " എന്നീ വാക്കുകൾ ചേർക്കുക.

ii) 13 - ാം ഖണ്ഡത്തിന്റെ (6) - ാം ഉപഖണ്ഡത്തിൽ "എന്നിരുന്നാലും" എന്ന വാക്കും ചിഹ്നവും "നിർണ്ണയിക്കപ്പെട്ട പ്രകാരത്തിൽ, " എന്ന വാക്കുകളും, ചിഹ്നവും ഒഴിവാക്കുക.

iii) ഖണ്ഡം 13(2)-ൽ "ഓഫീസറെ" എന്നതിനുശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

iv) ഖണ്ഡം 13(6)-ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ" എന്ന് ചേർക്കുക.

പതിനഞ്ചാം വകുപ്പ്

15-ാം ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ 3-ാം വാചകത്തിൽ "നോട്ടീസിൽ" എന്ന വാക്കിന് പകരം "പിടിച്ചെടുക്കൽ മഹസ്സറിൽ" എന്നീ വാക്കുകൾ ചേർക്കണമെന്നും തുടർന്നുള്ള വാചകങ്ങളിൽ യഥാക്രമം "നോട്ടീസിൽ", "നോട്ടീസിന്റെ " എന്നീ വാക്കുകൾ എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടോ അവയ്ക്കു പകരം യഥാക്രമം "മഹസ്സറിൽ" , "മഹസ്സറിന്റെ " എന്നീ വാക്കുകൾ ചേർക്കുക.

പതിനെട്ടാം വകുപ്പ്

18-ാം വകുപ്പിലെ "പിടിച്ചെടുക്കുകയും", "പിടിച്ചെടുക്കൽ" എന്നീ വാക്കുകൾക്ക് പകരം യഥാക്രമം "കണ്ടുകെട്ടുകയും ", "കണ്ടുകെട്ടൽ " എന്നീ വാക്കുകൾ ചേർക്കുക.

പത്തൊമ്പതാം വകുപ്പ്

19 - ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡത്തിൽ "പിഴശിക്ഷ" എന്ന വാക്കിന് പകരം "ശിക്ഷ" എന്ന വാക്ക് ചേർക്കുക.

## ഇരുപതാം വകുപ്പ്

i) ഖണ്ഡം 20(1)(സി)-ൽ "ലൈസൻസ് അതോറിറ്റിക്ക്" എന്ന വാക്കുകൾക്ക് പകരം "ലൈസൻസിംഗ് അതോറിറ്റിക്ക്" എന്ന വാക്കുകൾ ചേർക്കുക

ii) ഖണ്ഡം 20(1)(സി)-ൽ "അല്ലെങ്കിൽ" എന്ന വാക്കിനു മുമ്പ് ", ഉത്പാദനക്ഷമതയ്ക്ക് കോട്ടം വരുത്തൽ" എന്നീ വാക്കുകൾ ചേർക്കുക.

## ഇരുപത്തിരണ്ടാം വകുപ്പ്

i) 22-ാം വകുപ്പിന്റെ (1) ഉപവകുപ്പിൽ "അതിനുശേഷം തുടരുന്നതോ ആയ" എന്നീ വാക്കുകൾക്ക് ശേഷം "കുറ്റങ്ങൾക്കും," എന്ന വാക്കും ചിഹ്നവും ചേർക്കണമെന്നും "കോഴിവർഗ്ഗത്തിന്റെയോ മരണം," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ഗുരുതരമായ" എന്ന വാക്കും ചേർക്കുക.

ii) ഖണ്ഡം 22(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "(1)-ാം" എന്നതിനു പകരം "(4)-ാം" എന്ന് ചേർക്കുക.

## ഇരുപത്തിയഞ്ചാം വകുപ്പ്

ഖണ്ഡം 25-ൽ "ഒരു വർഷം വരെയാകാവുന്ന തടവിനോ പത്തു ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ" എന്ന വാക്കുകൾക്ക് പകരം "ആറു മാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ തടവും പത്തു ലക്ഷം രൂപവരെയാകാവുന്ന പിഴയും നൽകി" എന്നീ വാക്കുകൾ ചേർക്കുക.

## ഇരുപത്തിയാറാം വകുപ്പ്

i) ഖണ്ഡം 26(2)-ൽ "അംഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ii) ഖണ്ഡം 26(2)-ന്റെ (i)-ഉം (ii)-ഉം ഇനങ്ങളിൽ "ആന്റ്" എന്ന വാക്ക് ഒഴിവാക്കുകയും "എക്സ്-ഒഫീഷ്യോ" എന്ന വാക്കുകൾക്ക് "()" ചിഹ്നം ചേർക്കുകയും ചെയ്യുക.

## ഇരുപത്തിയേഴാം വകുപ്പ്

ഖണ്ഡം 27(ബി)-ൽ "നിർദ്ദേശങ്ങൾ" എന്നതിന് പകരം "ശിപാർശകൾ" എന്ന് ചേർക്കുക.

## ഇരുപത്തിയെട്ടാം വകുപ്പ്

ഖണ്ഡം 28(ബി)-ൽ "കോഴിവർഗ്ഗത്തീറ്റ" എന്നതിന് ശേഷം ", ധാതുലവണമിശ്രിതം " എന്ന ചിഹ്നവും വാക്കും ചേർക്കുക.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

ഖണ്ഡം 33-ൽ "സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളും" എന്ന വാക്കുകൾക്ക് ശേഷം "ലൈസൻസിംഗ് അതോറിറ്റിയും, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർമാരും" എന്നീ വാക്കുകൾ ചേർക്കുക.

<u>നാൽപതാം വകുപ്പ്</u>

ഖണ്ഡം 40(1) - ൽ "2023" എന്ന അക്കങ്ങൾക്ക് പകരം "2022" എന്ന അക്കങ്ങൾ ചേർക്കുക.

<u>ഒന്നാം വകുപ്പ്, പീഠിക</u>

i) ഖണ്ഡം 1(1)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(2) ഇത് 2021 ഫെബ്രുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ii) പീഠികയിൽ 'ഉൽപാദന നിലവാരം പരിപാലിക്കുന്നതിനായി അവയുടെ ' എന്നീ വാക്കുകൾ വിട്ടുകളയുക.

iii) "അത്യാവശ്യമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളതിനാൽ" എന്നീ വാക്കുകൾക്ക് പകരം "അത്യാവശ്യമായതിനാലും" എന്ന വാക്കും "വരുത്തുന്നതിനും" എന്ന വാക്കിന് പകരം "വരുത്തേണ്ടതിനാലും" എന്ന വാക്കും "തടയുന്നതിനും" എന്ന വാക്കിന് പകരം "തടയേണ്ടതിനാലും" എന്ന വാക്കും ചേർക്കുക.

2023 സെപ്റ്റംബർ 14-ാം തീയതി, വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 9.00-ന് സഭ പിരിഞ്ഞു.

**എ. എം. ബഷീർ,**
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Ninth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, September 13, 2023*

**No. 119**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

The Speaker informed the House that Shri Roji M. John and five other Members had given a notice for moving an adjournment motion regarding the situation reported to have arisen consequent to the severe financial crisis in the State which stalled the developmental activities and many social security schemes due to the mismanagement and extravagance of Government. As the Minister for Finance expressed his willingness to discuss the motion, the Speaker granted permission to move the adjournment motion and announced that the motion would be taken up at 1.00 p.m.

*Calling Attention :*

1. Shri E. K. Vijayan called the attention of the Minister for Revenue and Housing to the necessity to resolve the obstacles regarding conversion of land under section 27A of the Kerala Conservation of Paddy Land and Wetland (Amendment) Act, 2018. The Minister made a statement thereto.

KNPP.1051/2023(ii).

2. Shri Anoop Jacob called the attention of the Minister for Transport to the necessity of conducting a scientific study and legislation regarding the accidental fire to vehicles and to urge the Central Government to implement guidelines regarding vehicle manufacturing. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. വി. ഡി. സതീശൻ | നിപ വൈറസിനെതിരെ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 2 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | കോടതികളിലെ ഇ-ഫയലിംഗ് സമ്പ്രദായത്തിലെ അശാസ്ത്രീയത | മുഖ്യമന്ത്രി |
| 3 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | അങ്കമാലി-ശബരി റെയിൽവേ പാത നിർമ്മാണം | മുഖ്യമന്ത്രി |
| 4 | ശ്രീമതി ശാന്തകുമാരി കെ. | പത്തിരിപ്പാല സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. ടി. വി. ഇബ്രാഹിം | കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സിന്റെ വികസനം | നിയമം,വ്യവസായം, കയർ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | കേരളത്തിൽ ജാതി സെൻസസ് നടത്തുന്നതിന് നടപടി | ബഹു. പട്ടിക ജാതി, പട്ടികവർഗ്ഗ,പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. മുരളി പെരുനെല്ലി | ഗുരുവായൂർ അമൃത് പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ജനവാസ കേന്ദ്രങ്ങളിലെ വന്യ മൃഗശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | ശ്രീ. അൻവർ സാദത്ത് | ചെങ്ങമനാട് പുതുതായി അനുവദിച്ച ബിവറേജ് ഔട്ട് ലെറ്റ് മാറ്റുന്നതിനുള്ള നടപടി | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ആർ. സുനിൽ കുമാർ | ഭിന്നശേഷി വിഭാഗക്കാരുടെ സ്വയം തൊഴിൽ ഉൽപ്പന്നങ്ങളുടെ വിൽപ്പന | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 11 | ശ്രീ. എം. നൗഷാദ് | സ്കൂൾ പാചകത്തൊഴിലാളികളുടെ പെൻഷൻ പ്രായവും ആനുകൂല്യവും | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 12 | ശ്രീ. കെ. വി. സുമേഷ് | പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 13 | ശ്രീ. ജി. സ്റ്റീഫൻ | കോവിഡ്കാല സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തിലെ റേഷൻ കടകൾക്കുള്ള കമ്മീഷൻ | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 14 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ അടിസ്ഥാനസൗകര്യ വികസനം | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |
| 15 | ശ്രീ. റോജി എം. ജോൺ | ജസ്റ്റിസ് ജെ. ബി. കോശി റിപ്പോർട്ടിന്മേൽ തുടർ നടപടി | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The following reports were presented.

i) The Periodical Report from 1st April 2022 to March 2023 and the Report on the action taken on the Second report of the Committee regarding the scrutiny of demands for grants for the year 2022-2023 of the Subject Committee IV were presented.

ii) The Periodical Report from 1st April 2022 to March 2023 and the Report on the action taken on the Second report of the Committee regarding the scrutiny

of demands for grants for the year 2022-2023 of the Subject Committee IX were presented.

iii) The Periodical Report from 1st April 2022 to March 2023 and the Report on the action taken on the Second report of the Committee regarding the scrutiny of demands for grants for the year 2022-2023 of the Subject Committee XI were presented.

iv) The Eighth to Eleventh reports of the Committee on Estimates was presented.

v) The Second report of the Committee on Government Assurances was presented.

*Legislative Business :*

1) Motion for Consideration and further stages of the following Bills as reported by the Subject Committee :

1) The Kerala Conservation of Paddy Land and Wetland (Amendment) Bill, 2023

Shri K. Rajan, Minister for Revenue and Housing moved the Motion that The Kerala Conservation of Paddy Land and Wetland (Amendment) Bill, 2023 as reported by the Subject Committee be taken up for consideration.

Shri N. A. Nellikunnu and Shri Saneeshkumar Joseph who recorded their dissent to the Subject Committee Report and spoke.

Shri G. S. Jayalal moved an amendment to circulate The Kerala Conservation of Paddy Land and Wetland (Amendment) Bill, 2023 for obtaining public opinion and spoke. Shri Mons Joseph moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister, the amendment to circulate the Bill for obtaining public opinion was withdrawn by the leave of the House and the amendment to recommit the Bill to the same Subject Committee was declared lost. Then the Bill as reported by the Subject Committee was taken into consideration and The Kerala Conservation of Paddy Land and Wetland (Amendment) Bill, 2023 was passed with the following amendment.

Clause 2

ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "കളക്ടർ" എന്നതിന് പകരം "കളക്ടറുടെ" എന്ന് ചേർക്കുക.

*Discussion on Adjournment motion:*

Shri Roji M. John moved the following motion and spoke: "The House do now adjourn."

The following Members took part in the discussion:

Shri Kadakampally Surendran

Shri Ramesh Chennithala

Shri P. S. Supal

Shri P. K. Kunhalikutty

Shri M. Rajagopalan

Shri Mons Joseph

Smt. Job Maichil

Shri Anoop Jacob

Shri V. Joy

Shri Thomas K. Thomas

Shri K. V. Sumesh

Shri V. D. Satheesan, Leader of Opposition.

Shri K. N. Balagopal, Minister for Finance replied to the points raised during discussion.

The motion moved was declared lost.

(In protest against the reply of the Government, the Members belonging to opposition staged a walkout.)

*Legislative Business (Continuation) :*

2) The Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Amendment Bill, 2023

Smt. Veena George, Minister for Health and Woman and Child Development moved the Motion that The Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Amendment Bill, 2023 as reported by the Subject Committee be taken up for consideration.

Shri A. P. Anilkumar, Shri P. K. Basheer and Smt. K. K. Rema who recorded their dissent to the Subject Committee Report spoke.

Shri Linto Joseph as authorised by Shri M. S. Arun Kumar moved an amendment to circulate The Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Amendment Bill, 2023 for obtaining public opinion and spoke. Shri Ramesh Chennithala moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister, the amendment to circulate the Bill for obtaining public opinion was withdrawn by the leave of the House and the amendment to recommit the Bill to the same Subject Committee was declared lost. Then the Bill as reported by the Subject Committee was taken into consideration and The Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Amendment Bill, 2023 was passed without any amendments.

*3)* The Kerala Public Service Commission (Additional Functions as *respects certain Corporations and Companies) Second Amendment Bill, 2023*

Shri P. Rajeeve, Minister for Law, Industries and Coir for Chief Minister moved the Motion that The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Second Amendment Bill, 2023 as reported by the Subject Committee be taken up for consideration.

Shri Shafi Prambil moved an amendment to circulate The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Second Amendment Bill, 2023 for obtaining public opinion and spoke. Shri H. Salam as authorised by Shri P. V. Sreenijin moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister, the amendment to circulate the Bill for obtaining public opinion was declared lost and the amendment to recommit the Bill to the same Subject Committee was withdrawn by the leave of the House. Then the Bill as reported by the Subject Committee was taken into consideration and The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Second Amendment Bill, 2023 was passed with the following amendments.

Clause 2

ഖണ്ഡം 2 ലെ "the words, figures and brackets” എന്നതിനു പകരമായി "words, figures, brackets and symbols” എന്ന് ചേർക്കുക.

2) Motion for Consideration and further stages of the following Bill as reported by the Select Committee :

1) The Kerala Livestock and Poultry Feed and Mineral Mixture (Regulation of Manufacture and Sale), Bill, 2022

Smt. J. Chinchurani, Minister for Animal Husbandry and Dairy Development moved the Motion that The Kerala Livestock and Poultry Feed and Mineral Mixture (Regulation of Manufacture and Sale), Bill, 2022 as reported by the Select Committee be taken up for consideration.

Shri Anwar Sadath, Shri Kurukkoli Moideen, Shri Mons Joseph, Dr. Mathew Kuzhalnadan and Smt. K. K. Rema who recorded their dissent to the Select Committee Report and spoke.

Shri N. A. Nellikkunnu moved an amendment to circulate The Kerala Livestock and Poultry Feed and Mineral Mixture (Regulation of Manufacture and Sale), Bill, 2022 for obtaining public opinion and spoke. Shri P. Mammikutty as authorised by Shri. M. Mukesh moved another amendment to recommit the Bill to the same Select Committee and spoke.

After discussion and reply of the Minister, the amendment to circulate the Bill for obtaining public opinion was declared lost and the amendment to recommit the Bill to the same Select Committee was withdrawn by the leave of the House. Then the Bill as reported by the Select Committee was taken into consideration and The Kerala Livestock and Poultry Feed and Mineral Mixture (Regulation of Manufacture and Sale), Bill, 2022 was passed with the following amendments.

## Clause 2

i) ഖണ്ഡം 2(ബി)യിലെ (i) ഇനത്തിൽ "എന്നിവ" എന്ന വാക്കിന് ശേഷം "ലേബലിംഗ്" എന്ന വാക്ക് ചേർക്കുക..

ii) ഖണ്ഡം 2 (എഫ്) - ൽ “തീറ്റവസ്തു" എന്നതിന് പകരം "തീറ്റ” എന്ന് ചേർക്കുക.

## Clause 3

i) 3-ാം വകുപ്പിന്റെ മാർജിനൽ ഹെഡിംഗിന് പകരം താഴെപ്പറയുന്ന മാർജിനൽ ഹെഡിംഗ് ചേർക്കേണ്ടതാണ്, അതായത്:-

“കന്നുകാലിത്തീറ്റ / കോഴിവർഗ്ഗത്തീറ്റയിൽ ഉപയോഗിക്കേണ്ട / നിരോധിക്കപ്പെടേണ്ട തീറ്റവസ്തുക്കൾ അല്ലെങ്കിൽ തീറ്റയുടെ ചേരുവകൾ”

ii) ഖണ്ഡം 3 (3 )-ൽ "ഉൽപാദിപ്പിക്കുന്നതിൽ" എന്നതിന് പകരം "നിർമ്മിക്കുന്നതിൽ" എന്ന് ചേർക്കുക.

## Clause 5

i) ഖണ്ഡം 5 (4) താഴെപ്പറയും പ്രകാരം മാറ്റുക.

“(4) ലൈസൻസിനായുള്ള അപേക്ഷ നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് ലഭിച്ചാൽ പതിനഞ്ച് ദിവസത്തിനകം അപേക്ഷകന് സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മുൻപാകെ അപ്പീൽ നൽകാവുന്നതും ആയത് മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്.”

ii) ഖണ്ഡം 5 (6)-ൽ “ നിശ്ചയിച്ചിരിക്കുന്നതുമാണ്" എന്ന വാക്കിന് പകരം “നിശ്ചയിച്ചിരിക്കേണ്ട തുമാണ്" എന്ന വാക്ക് ചേർക്കുക.

iii) ഖണ്ഡം 5 (2) - ൽ "പകർപ്പ് " എന്നതിന് ശേഷം "അപേക്ഷ നിരസിച്ച തീയതി മുതൽ" എന്ന് ചേർക്കുക.

## Clause 7

ഖണ്ഡം 7-ൽ "വിൽക്കുവാൻ" എന്നതിന് പകരം "വിൽക്കുവാനോ വിതരണം ചെയ്യാനോ" എന്ന് ചേർക്കുക.

Clause 9

ഖണ്ഡം 9-ന്റെ മാർജിനൽ ശീർഷകത്തിൽ "നിർമ്മിക്കുന്നതിനുള്ള" എന്നതിന് പകരം "നിർമ്മിക്കുന്നതിനും സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള " എന്ന് ചേർക്കുക.

Clause 11

11- ാം ഖണ്ഡത്തിന്റെ (4- ാം ഉപഖണ്ഡത്തിൽ "പിഴ ചുമത്തുന്നതിനും" എന്നീ വാക്കുകൾക്കു പകരം "ശിക്ഷ നൽകുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

Clause 13

i) 13- ാം ഖണ്ഡത്തിന്റെ (3)- ാം ഉപഖണ്ഡത്തിൽ "അല്ലെങ്കിൽ അംഗീകൃത ഏജന്റിൽ നിന്നും" എന്നീ വാക്കുകൾക്ക് പകരം "കൂടാതെ അംഗീകൃത ഏജന്റ് /ഡീലർ/നിർമ്മാതാവിൽ നിന്നും " എന്നീ വാക്കുകൾ ചേർക്കുക.

ii) 13-ാം ഖണ്ഡത്തിന്റെ (6)-ാം ഉപഖണ്ഡത്തിൽ "എന്നിരുന്നാലും" എന്ന വാക്കും ചിഹ്നവും "നിർണ്ണയിക്കപ്പെട്ട പ്രകാരത്തിൽ, " എന്ന വാക്കുകളും, ചിഹ്നവും ഒഴിവാക്കുക.

iii) ഖണ്ഡം 13(2 )- ൽ "ഓഫീസറെ" എന്നതിനുശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

iv) ഖണ്ഡം 13(6) - ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ" എന്ന് ചേർക്കുക.

Clause 15

15- ാം വകുപ്പിന്റെ (4)- ാം ഉപവകുപ്പിൽ 3-ാം വാചകത്തിൽ "നോട്ടീസിൽ" എന്ന വാക്കിന് പകരം "പിടിച്ചെടുക്കൽ മഹസ്സറിൽ" എന്നീ വാക്കുകൾ ചേർക്കണമെന്നും തുടർന്നുള്ള വാചകങ്ങളിൽ യഥാക്രമം "നോട്ടീസിൽ", "നോട്ടീസിന്റെ " എന്നീ വാക്കുകൾ എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടോ അവയ്ക്കു പകരം യഥാക്രമം "മഹസ്സറിൽ" , മഹസ്സറിന്റെ " എന്നീ വാക്കുകൾ ചേർക്കുക.

Clause 18

18-ാം വകുപ്പിലെ "പിടിച്ചെടുക്കുകയും", "പിടിച്ചെടുക്കൽ" എന്നീ വാക്കുകൾക്ക് പകരം യഥാക്രമം "കണ്ടുകെട്ടുകയും ", "കണ്ടുകെട്ടൽ " എന്നീ വാക്കുകൾ ചേർക്കുക.

Clause 19

19-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡത്തിൽ "പിഴശിക്ഷ" എന്ന വാക്കിന് പകരം "ശിക്ഷ" എന്ന വാക്ക് ചേർക്കുക.

## Clause 20

i) ഖണ്ഡം 20(1)(സി)-ൽ "ലൈസൻസ് അതോറിറ്റിക്ക്" എന്ന വാക്കുകൾക്ക് പകരം "ലൈസൻസിംഗ് അതോറിറ്റിക്ക്" എന്ന വാക്കുകൾ ചേർക്കുക

ii) ഖണ്ഡം 20(1)(സി)-ൽ "അല്ലെങ്കിൽ" എന്ന വാക്കിനു മുമ്പ് ", ഉത്പാദനക്ഷമതയ്ക്ക് കോട്ടം വരുത്തൽ" എന്നീ വാക്കുകൾ ചേർക്കുക.

## Clause 22

i) 22 - ാം വകുപ്പിന്റെ (1) ഉപവകുപ്പിൽ "അതിനുശേഷം തുടരുന്നതോ ആയ" എന്നീ വാക്കുകൾക്ക് ശേഷം "കുറ്റങ്ങൾക്കും," എന്ന വാക്കും ചിഹ്നവും ചേർക്കണമെന്നും "കോഴിവർഗ്ഗത്തിന്റെയോ മരണം," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ഗുരുതരമായ" എന്ന വാക്കും ചേർക്കുക.

ii) ഖണ്ഡം 22(4) - ന്റെ ക്ലിപ്ത നിബന്ധനയിൽ "(1)-ാം" എന്നതിനു പകരം "(4)-ാം" എന്ന് ചേർക്കുക.

## Clause 25

ഖണ്ഡം 25-ൽ " ഒരു വർഷം വരെയാകാവുന്ന തടവിനോ പത്തു ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ" എന്ന വാക്കുകൾക്ക് പകരം " ആറു മാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ തടവും പത്തു ലക്ഷം രൂപവരെയാകാവുന്ന പിഴയും നൽകി" എന്നീ വാക്കുകൾ ചേർക്കുക.

## Clause 26

i) ഖണ്ഡം 26(2)-ൽ "അംഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ii) ഖണ്ഡം 26(2)-ന്റെ (i)-ഉം (ii)-ഉം ഇനങ്ങളിൽ "ആന്റ്" എന്ന വാക്ക് ഒഴിവാക്കുകയും "എക്സ്-ഒഫീഷ്യോ"എന്ന വാക്കുകൾക്ക് "()"ചിഹ്നം ചേർക്കുകയും ചെയ്യുക.

## Clause 27

ഖണ്ഡം 27(ബി)-ൽ "നിർദ്ദേശങ്ങൾ" എന്നതിന് പകരം "ശിപാർശകൾ" എന്ന് ചേർക്കുക.

## Clause 28

ഖണ്ഡം 28(ബി)-ൽ "കോഴിവർഗ്ഗത്തീറ്റ" എന്നതിന് ശേഷം ", ധാതുലവണമിശ്രിതം " എന്ന ചിഹ്നവും വാക്കും ചേർക്കുക.

Clause 30

ഖണ്ഡം 33 - ൽ "സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളും" എന്ന വാക്കുകൾക്ക് ശേഷം "ലൈസൻസിംഗ് അതോറിറ്റിയും, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർമാരും" എന്നീ വാക്കുകൾ ചേർക്കുക.

Clause 40

ഖണ്ഡം 40(1) - ൽ "2023" എന്ന അക്കങ്ങൾക്ക് പകരം "2022" എന്ന അക്കങ്ങൾ ചേർക്കുക.

Clause 1, Preamble

i) ഖണ്ഡം 1(1) - ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(2) ഇത് 2021 ഫെബ്രുവരി 18 - ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ii) പീഠികയിൽ 'ഉൽപാദന നിലവാരം പരിപാലിക്കുന്നതിനായി അവയുടെ ' എന്നീ വാക്കുകൾ വിട്ടുകളയുക.

iii) "അത്യാവശ്യമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളതിനാൽ" എന്നീ വാക്കുകൾക്ക് പകരം "അത്യാവശ്യമായതിനാലും" എന്ന വാക്കും "വരുത്തുന്നതിനും" എന്ന വാക്കിന് പകരം "വരുത്തേണ്ടതിനാലും" എന്ന വാക്കും "തടയുന്നതിനും" എന്ന വാക്കിന് പകരം "തടയേണ്ടതിനാലും" എന്ന വാക്കും ചേർക്കുക.

The House adjourned at 9.00 p.m. to meet again at 9.00 a.m on Thursday September 14, 2023.

A. M. BASHEER,
*Secretary.*